"ഭരണഭാഷ- മാതൃഭാഷ"

**കേരള സർ ക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2024-25 വാർഷിക പദ്ധതി, സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1236/2024/LSGD തീയതി,തിരുവനന്തപുരം, 07-07-2024

---

പരാമർശം:-
1. സ.ഉ.(കൈ) നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ; തീയതി 19.04.2022
3. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
4. സ.ഉ.(കൈ) നം.90/2023/തസ്വഭവ; തീയതി 09.04.2023
5. സ.ഉ.(കൈ) നം.198/2022/തസ്വഭവ; തീയതി 13.11.2023

**ഉത്തരവ്**

സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുൻപ് തന്നെ 2024-25 വാർഷിക പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടിയിട്ടുണ്ട്. ഇപ്രകാരം തയ്യാറാക്കിയ വാർഷിക പദ്ധതി, സ്പിൽഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിന് ഈ ഉത്തരവിന്റെ അനുബന്ധമായി നല്കിയിട്ടുള്ള മാർഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി
സ്പെഷ്യൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ , റൂറൽ
9. തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ , അർബൻ
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ഡയറക്ടർ, ക്ഷീര വികസന വകുപ്പ്

12. ചീഫ് എഞ്ചിനീയർ , തദ്ദേശ സ്വയംഭരണ വകുപ്പ്
13. ചീഫ് ടൗൺ പ്ലാനർ
14. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
15. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
16. എല്ലാ ജില്ലാ കളക്ടർമാർക്കും
17. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
18. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
19. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
20. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
21. ഡയറക്ടർ , കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
22. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
23. ഡയറക്ടർ ജനറൽ, കില
24. എക്സിക്യൂട്ടീവ് ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ
25. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
26. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
27. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
28. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 08-07-2024 12:17:40

സെക്ഷൻ ഓഫീസർ

പകർ പ്പ് :-

1. ബഹു. തദ്ദേശ സ്വയംഭരണവ കുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയം ഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

**അനുബന്ധം**

# തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2024-25 വാർഷിക പദ്ധതി സ്പിൽഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ

മുൻ വാർഷിക പദ്ധതിയിലെ നിർവഹണം പൂർത്തിയാകാത്ത സ്പിൽഓവർ പ്രോജക്ടുകൾ നിശ്ചയിക്കുന്നതിനും അവ തുടർന്ന് നടപ്പാക്കുന്നതിനുമുള്ള മാർഗനിർദേശങ്ങൾ സ.ഉ.(കൈ)നം.84/ 2022/തസ്വഭവ; തീയതി 19.04.2022, സ.ഉ.(കൈ)നം.86/ 2022/തസ്വഭവ; തീയതി 19.04.2022 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ച മാർഗരേഖകളിലെ ഖണ്ഡിക 11-ൽ വ്യക്തമാക്കിയിട്ടുണ്ട്. അതുപ്രകാരം സ്പിൽഓവർ പ്രോജക്ടുകൾ ഏതൊക്കെയെന്ന് നിശ്ചയിച്ച് നിർവഹണം തുടരുന്നതിനുള്ള പ്രവർത്തനങ്ങളിലേക്ക് തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം അവസാനിച്ച ഉടൻ തന്നെ തദ്ദേശഭരണ സ്ഥാപനങ്ങൾ കടന്നിട്ടുണ്ട്. മേല്പറഞ്ഞ മാർഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്ന സ്പിൽഓവർ പ്രോജക്ടുകളും മുൻവർഷങ്ങളിൽ നിർവഹണം ആരംഭിച്ച ബഹുവർഷ പ്രോജക്ടുകളുടെ 2024-25ലെ പ്രോജക്ട് ഘടകവും കൂടി ഉൾപ്പെടുത്തി എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും അവയുടെ 2024-25 വാർഷിക പദ്ധതി പരിഷ്കരിക്കേണ്ടതാണ്.

2. വാർഷിക പദ്ധതി പരിഷ്കരിക്കുമ്പോൾ, പതിനാലാം പഞ്ചവൽസര പദ്ധതിയുടെ തുടക്കത്തിൽ ലക്ഷ്യമിട്ട പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി അവലോകനം ചെയ്ത് നിർബന്ധമായും ഉൾപ്പെടുത്തേണ്ട പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമായി ഉൾപ്പെട്ടിട്ടുണ്ടോ എന്നും മുൻഗണന അർഹിക്കുന്ന പ്രോജക്ടുകൾക്ക് മതിയായ വിഹിതം വകയിരുത്തിയിട്ടുണ്ടോ എന്നും പ്രത്യേകം പരിശോധിക്കേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ മാറ്റങ്ങൾ വാർഷിക പദ്ധതിയിൽ വരുത്തേണ്ടതാണ്. സ.ഉ.(കൈ) നം.84/ 2022/തസ്വഭവ തീയതി 19.04.2022, സ.ഉ.(കൈ)നം.86/2022/തസ്വഭവ തീയതി 19.04.2022 എന്നിവ പ്രകാരം പതിനാലാം പഞ്ചവൽസര പദ്ധതിക്ക് നിശ്ചയിച്ചിട്ടുള്ള പൊതുലക്ഷ്യങ്ങൾ, സവിശേഷ വികസന ലക്ഷ്യങ്ങൾ, പൊതു മുൻഗണനകൾ എന്നിവ കണക്കിലെടുത്ത് പ്രോജക്ടുകളുടെ മുൻഗണന നിശ്ചയിക്കേണ്ടതാണ്. ഒപ്പം, പ്രാദേശിക പ്രശ്നങ്ങളും സാധ്യതകളും കണക്കിലെടുത്തുകൊണ്ട് നിശ്ചയിച്ച തനത് ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കും ജില്ലാ ആസൂത്രണസമിതി നൽകുന്ന ജില്ലാതല മുൻഗണനകൾക്കും പ്രാധാന്യം നൽകണം. സബ്സിഡി സംബന്ധമായ മാനദണ്ഡങ്ങൾക്ക് സ.ഉ.(കൈ)നം.115/2022/തസ്വഭവ തീയതി 28.05.2022 പ്രകാരമുള്ള മാർഗരേഖ എല്ലാ തലത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ബാധകമായിരിക്കും. വാർഷിക പദ്ധതി പരിഷ്കരിക്കുമ്പോൾ പദ്ധതി രൂപീകരണ മാർഗരേഖകൾക്കും സബ്സിഡി മാർഗരേഖയ്ക്കും പിന്നീട് നൽകിയിട്ടുള്ള വിശദീകരണങ്ങളും ഭേദഗതികളും കൂട്ടിച്ചേർക്കലുകളും കൂടി കണക്കിലെടുക്കേണ്ടതാണ്.

3. 2024-25 വാർഷിക പദ്ധതി രൂപീകരണത്തിന്റെ തുടക്കത്തിൽ സ.ഉ.(കൈ) നം.198/2022/ തസ്വഭവ; തീയതി 13.11.2023 പ്രകാരം നിർദേശിച്ചിരുന്നതും ചുവടെ നല്കിയിട്ടുള്ളതുമായ മുൻഗണനാ പരിപാടികൾക്ക് വാർഷിക പദ്ധതിയിൽ അർഹമായ പരിഗണന നല്കി പ്രോജക്ടുകളായി ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും ആവശ്യമെങ്കിൽ മാറ്റങ്ങൾ വരുത്തേണ്ടതു മാണ്.

3.1 മുൻനിര പരിപാടികളിൽ പ്രധാനപ്പെട്ട അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിന് വാർഷിക പദ്ധതിയിൽ ഉയർന്ന മുൻഗണന നൽകണം. അതിജീവന ആവശ്യങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, ആരോഗ്യ പരിരക്ഷ, വികസന ആവശ്യങ്ങൾ തുടങ്ങി വിവിധ ഘടകങ്ങൾ

ഉൾക്കൊള്ളിച്ച് അതിദാരിദ്ര്യം പരിഹരിക്കുന്നതിനായി തയ്യാറാക്കിയ മൈക്രോ പ്ലാനുകളെ അടിസ്ഥാനമാക്കി നിർവഹണ പ്രോജക്ടുകൾക്ക് രൂപം നല്കേണ്ടതും മതിയായ വിഹിതം വകയിരുത്തി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ഗ്രാമ പ്രദേശങ്ങളിൽ ഗ്രാമ പഞ്ചായത്തുകൾ തയ്യാറാക്കിയ മൈക്രോ പ്ലാനുകൾക്ക് വിഹിതം നല്കുന്നതിനുള്ള പ്രോജക്ടുകൾ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ അവയുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തണം.

3.2 പ്രാദേശിക സാമ്പത്തിക വികസനവും തൊഴിലവസരങ്ങളുടെ സൃഷ്ടിയും പതിനാലാം പഞ്ചവൽസര പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങളിൽ പരമപ്രധാനമാണ്. പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ, ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനുള്ള മാർഗരേഖ സ.ഉ.(കൈ)നം.3/2023/ തസ്വഭവ; തീയതി 04.01.2023 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ പ്രതിപാദിക്കുന്ന സംഘടനാ സംവിധാനങ്ങൾക്ക് രൂപം നല്കി സ്വയം തൊഴിൽ സംരംഭങ്ങളും തൊഴിൽദായക സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ആവിഷ്കരിക്കുകയും ഇതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുകയും ചെയ്യേണ്ടതാണ്. അതോടൊപ്പം തൊഴിലന്വേഷകരെ തൊഴിലും വരുമാനവും നേടാൻ പ്രാപ്തരാക്കുന്ന നൈപുണ്യ വികസന പരിശീലന പരിപാടികളും വാർഷിക പദ്ധതിയിൽ ഏറ്റെടുക്കേണ്ടതാണ്.

3.3. പ്രാഥമിക ഉല്പാദന മേഖലകളായ കാർഷിക, മൃഗ സംരക്ഷണ, മത്സ്യ, ക്ഷീര വികസന മേഖലകളിലെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് വിവിധ വിളകളുടെയും മറ്റ സംരംഭങ്ങളുടെയും വിസ്തൃതിയും ഉല്പാദനക്ഷമതയും പരമാവധി വർദ്ധിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് വാർഷിക പദ്ധതിയിൽ മുൻഗണന നല്കണം. ഭക്ഷ്യ ധാന്യങ്ങളുടെ ഉല്പാദനം പരമാവധി വർദ്ധിപ്പിക്കാനും പച്ചക്കറി, മുട്ട, എന്നിവയുടെ ഉൽപാദനത്തിൽ സ്വയം പര്യാപ്തത നേടാനും പാൽ ഉൽപാദനത്തിൽ മിച്ചോൽപാദനം കൈവരിക്കാനും ഉതകുന്ന പ്രോജക്ടുകൾ ഏറ്റെടുക്കണം. കടൽ–ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കാനുള്ള പ്രോജക്ടുകൾക്കും മുൻഗണന നൽകണം. കുടുംബശ്രീ ഗ്രൂപ്പുകളെയും ഭൂമി കൈവശമുള്ള ഉടമകളെയും ചേർത്തുകൊണ്ട് തദ്ദേശഭരണസ്ഥാപനങ്ങളുടെ മുൻകൈയ്യിൽ കാർഷിക/കാർഷികാനുബന്ധ പ്രവർത്തനങ്ങൾക്ക് രൂപം നൽകേണ്ടതാണ്. കൃഷി ചെയ്യാൻ താല്പര്യമുള്ള കർഷകർ, കർഷക കൂട്ടായ്മകൾ, പാടശേഖരസമിതികൾ, സ്വയം സഹായ സംഘങ്ങൾ, സഹകരണ സംഘങ്ങൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ, ചാരിറ്റബിൾ സംഘങ്ങൾ എന്നിവയെയും ഈ യജ്ഞത്തിൽ പങ്കാളികളാക്കാം. ഇതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.

(1) സർക്കാർ വകുപ്പുകളുടെയും സംഘടനകളുടെയും സ്വകാര്യ വ്യക്തികളുടെയും ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ ഇതിനായി പരിഗണിക്കാവുന്നതാണ്.

(2) ഉടമ നേരിട്ട് കൃഷി ചെയ്യാൻ തയ്യാറാകുന്നതിന് പ്രേരിപ്പിക്കണം. അതിന് സന്നദ്ധമല്ലെങ്കിൽ ഭൂമിയുടെ ഉടമസ്ഥാവകാശത്തിന്റെ സുരക്ഷ ഉടമയെ ബോധ്യപ്പെടുത്തി തദ്ദേശഭരണസ്ഥാപനത്തിന്റെ നേതൃത്വത്തിൽ കൃഷി ചെയ്യുന്ന കർഷകന് (ഗ്രൂപ്പിന് ) കൈമാറേണ്ടതാണ്.

(3) സാധ്യമായ ഇടത്തെല്ലാം കൃഷി, കാലി വളർത്തൽ, കോഴി വളർത്തൽ, മത്സ്യകൃഷി എന്നിവ ചേർത്തുള്ള സംയോജിത കൃഷി രീതി അവലംബിക്കാൻ കർഷകരെയും ഗ്രൂപ്പുകളെയും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

(4) പ്രാദേശിക കാർഷിക ഉത്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള മൂല്യവർദ്ധിത സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കേണ്ടതാണ്. കമ്യൂണിറ്റി ലെവൽ കോമൺ ഫെസിലിറ്റി കേന്ദ്രങ്ങൾ, ഇൻകുബേഷൻ കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനും മുൻകൈ എടുക്കേണ്ടതാണ്.

(5) തരിശുഭൂമി കൃഷി യോഗ്യമാക്കൽ ഉൾപ്പടെയുള്ള വികസന പ്രവർത്തനങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും അയ്യങ്കാളി നഗരതൊഴിൽ സൃഷ്ടിക്കൽ പദ്ധതിയുടെയും ഭാഗമായി നടപ്പാക്കുന്നതിന് ശ്രമിക്കണം.

(6) കാർഷിക അനുബന്ധമേഖലകളിലെ പ്രവർത്തനങ്ങൾക്ക് ഉത്പാദനോപാധികൾ, മറ്റ് സഹായങ്ങൾ, സബ്സിഡി എന്നിവ വകുപ്പ് പരിപാടികളുടെയും തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പ്രോജക്ടുകളുടെയും ഭാഗമായി കർഷകർക്ക്/ഗ്രൂപ്പുകൾക്ക് നൽകാവുന്നതാണ്.

(7) വിള ഇൻഷ്വറൻസിന് സർക്കാർ സ്കീം ഉപയോഗപ്പെടുത്തേണ്ടതാണ്.

3.4. നീർത്തടവികസനം, പ്രളയനിവാരണം, വരൾച്ചാ പ്രതിരോധം എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി സമഗ്ര ജലവിഭവ പരിപാലനത്തിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതാണ്. ഉല്പാദന മേഖലയിൽ, പ്രളയസാധ്യത ഒഴിവാക്കാൻ കഴിയുന്നവിധം നീർത്തട വികസനം, ജലസ്രോതസുകളുടെ സംരക്ഷണവും പുനരുദ്ധാരണവും, തോട് നിർമ്മാണവും അറ്റകുറ്റപ്പണികളും, ചെക്ക്ഡാം, നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവ ഏറ്റെടുക്കണം. പ്രളയസാധ്യത മുന്നിൽ കണ്ടുകൊണ്ട് പാടശേഖരങ്ങൾ സംരക്ഷിക്കാനുള്ള ബണ്ട് നിർമ്മാണം, ജലനിർഗ്ഗമന മാർഗ്ഗങ്ങളുടെ നിർമ്മാണവും സംരക്ഷണവും എന്നിവ ഇതിൽ ഉൾപ്പെടുത്താം. മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങൾ ഇത്തരം പ്രവർത്തനങ്ങളുമായി സംയോജിപ്പാക്കാവുന്നതാണ്.

3.5. കാലാവസ്ഥാ വ്യതിയാനം മൂലം കേരളത്തിൽ അടിക്കടി ഉണ്ടാകുന്ന വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, കടലാക്രമണം മൂലമുള്ള തീരശോഷണം, വരൾച്ച തുടങ്ങിയവയെ പ്രതിരോധിക്കുന്നതിനും അതുമൂലമുള്ള ദുരന്തങ്ങൾ ലഘൂകരിക്കുന്നതിനും പ്രാദേശിക തലത്തിൽ കർമ്മപദ്ധതി (Local Action Plan on Climate Change) തയ്യാറാക്കേണ്ടതും അതിന് അനുസൃതമായി പ്രോജക്ടുകൾക്ക് രൂപം നല്കി ഘട്ടം ഘട്ടമായി നടപ്പാക്കേണ്ടതുമാണ്.

3.6. ലൈഫ് പ്രോജക്റ്റ്, അനിമൽ ബർത്ത് കൺട്രോൾ (ABC) പ്രോഗ്രാം നടപ്പാക്കുന്നതിനും തെരുവുനായ ശല്യം പരിഹരിക്കുന്നതിനുമുള്ള പ്രോജക്ടുകൾ, പരമ്പരാഗത തെരുവ് വിളക്കുകൾ മാറ്റി എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ എന്നിവയ്ക്കും വാർഷിക പദ്ധതിയിൽ പ്രാമുഖ്യം നല്കേണ്ടതാണ്.

3.7. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകാവുന്ന സ്കോളർഷിപ്പിന്റെയും ബത്തയുടെയും വിശദാംശങ്ങൾ സ.ഉ.(കൈ)നം.115/2022/തസ്വഭവ തീയതി 28.05.2022 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 7.1.6 ൽ വ്യക്തമാക്കിയിട്ടുണ്ട്. പലയിടത്തും ഭാഗികമായാണ് സഹായം നൽകുന്നത്. ഇതു സംബന്ധിച്ച് ധാരാളം പരാതികൾ സർക്കാരിന് ലഭിക്കുന്നുണ്ട്. മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ സ്കോളർഷിപ്പും ബത്തയും പൂർണ്ണമായും ലഭ്യമാക്കേണ്ടതാണ്. ഗ്രാമപ്രദേശങ്ങളിൽ ഗ്രാമപഞ്ചായത്തുകൾക്ക് മാത്രമായി വിഹിതം കണ്ടെത്തുന്നതിന് കഴിയുന്നില്ലെങ്കിൽ സ.ഉ.(കൈ) നം.84/2022/തസ്വഭവ തീയതി 19.04.2022 ന്റെ ഖണ്ഡിക 6.4(ബി)(2) ൽ വ്യക്തമാക്കിയിട്ടുള്ളതുപോലെ ഗ്രാമ,

ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 60:30:10 അനുപാതത്തിൽ വകയിരുത്തി നൽകേണ്ടതാണ്. ഈ അനുപാതത്തിൽ തുക കണ്ടെത്തുന്നതിന് കഴിയാത്ത തദ്ദേശഭരണസ്ഥാപനങ്ങളുടെ കാര്യത്തിൽ കുറവ് പരിഹരിക്കുന്നതിന് മറ്റ് തലങ്ങളിലെ പഞ്ചായത്തുകളുടെ വിഹിതം ഉപയോഗിക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

3.8. കെട്ടിടമില്ലാത്ത ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരമുള്ള ഹെൽത്ത് ഗ്രാന്റിൽ നിന്നും ഓരോ ഉപകേന്ദ്രത്തിനും 55.50 ലക്ഷം രൂപ വീതം ലഭ്യമാക്കാൻ കഴിയും. എന്നാൽ സ്ഥലം വാങ്ങുന്നതിന് ഹെൽത്ത് ഗ്രാന്റ് വിനിയോഗിക്കാൻ കഴിയുകയില്ല. അതിനാൽ സ്ഥലമില്ലാത്ത ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം വികസന ഫണ്ട്/തനത് ഫണ്ട് വിനിയോഗിച്ച് ലഭ്യമാക്കണമെന്ന് 23.05.2023-ലെ എഫ്.എം.3/138/2023-തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാക്കുന്നതിനുള്ള പ്രോജക്റ്റ് 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

3.9. 'മാലിന്യ മുക്തം നവകേരളം' ക്യാമ്പയിനിലൂടെ മാലിന്യ സംസ്കരണ രംഗത്ത് വലിയ മാറ്റം കൈവരിക്കാൻ കഴിഞ്ഞ വർഷം സാധിച്ചിട്ടുണ്ട്. ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് ഉണ്ടാക്കിയ നിർമിതികളിലും യന്ത്ര സംവിധാനങ്ങളിലും ഇനിയും അവശേഷിക്കുന്ന പരിമിതികളും കുറവുകളും പരിഹരിക്കുന്നതിന് നടപ്പ് വർഷം കഴിയണം. ഇതോടൊപ്പം സി&ഡി വേസ്റ്റ്, സാനിറ്ററി മാലിന്യം, ഇ-മാലിന്യങ്ങൾ, ഗാർഹിക മെഡിക്കൽ മാലിന്യം എന്നിവയ്ക്ക് പരിഹാരം കാണുന്നതിനും കക്കൂസ് മാലിന്യം ഉൾപ്പെടെയുള്ള ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പാക്കുന്നതിനുമുള്ള പ്രോജക്ടുകളും വാർഷിക പദ്ധതിയിൽ നിർബന്ധമായും ഏറ്റെടുക്കേണ്ടതാണ്. ഖര-ദ്രവ മാലിന്യ സംസ്കരണത്തിലെ വിവിധ ഘടകങ്ങൾക്ക് സ്വകാര്യ പങ്കാളിത്തം കൊണ്ടുവരുന്നതിനുള്ള നടപടികളും പദ്ധതിയുടെ ഭാഗമായി ആവിഷ്കരിക്കേണ്ടതാണ്. പ്രധാന മുൻഗണനകൾ ചുവടെ പ്രതിപാദിക്കുന്നു.

(1) 'മാലിന്യ മുക്തം നവകേരളം' രണ്ടാം ഘട്ട ക്യാമ്പയിനിന്റെ അവസാനത്തിൽ തദ്ദേശ സ്ഥാപനതല വർക്കിംഗ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന അവസ്ഥാ വിശകലന റിപ്പോർട്ടിൽ നിന്നും സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൽ നിന്നും ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് അവശേഷിക്കുന്ന വിടവുകൾ മനസിലാക്കാൻ കഴിയും. ഇതിന്റെ അടിസ്ഥാനത്തിൽ അവ പരിഹരിക്കാനുള്ള പ്രോജക്ടുകൾ നിർബന്ധമായും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(2) എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ജൈവ മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കാനുള്ള സംവിധാനം ഉറപ്പാക്കുന്നതിനോടൊപ്പം നിലവിലുള്ള പൊതു ജൈവ മാലിന്യ സംസ്കരണ സംവിധാനം ആധുനികവത്കരിക്കുന്നതിനും ആകർഷകമാക്കുന്നതിനും സംസ്കരണ ശേഷി ഉയർത്തുന്നതിനും അധിക സംസ്കരണ സൗകര്യം ഒരുക്കുന്നതിനുമുള്ള പ്രോജക്ടുകൾ ഉൾപ്പെടുത്തേണ്ടതാണ്.

(3) ഓരോ വാർഡിലും ഉണ്ടാകുന്ന അജൈവ മാലിന്യങ്ങളുടെ അളവിനനുസരിച്ച് ചെറു അജൈവ മാലിന്യ സംഭരണികൾ (Mini MCF) നിർമ്മിക്കുന്നതിനുള്ള പ്രോജക്ടുകൾ ഉൾപ്പെടുത്തേണ്ടതാണ്. ഇപ്രകാരം നിർമ്മിക്കുന്ന മിനി എം.സി.എഫുകളുടെ വിസ്തൃതി 60 ചതുരശ്ര അടിയിൽ കുറയാൻ പാടില്ല.

(4) ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും ഉണ്ടാകുന്ന അജൈവ മാലിന്യത്തിന്റെ അളവ് കൈകാര്യം ചെയ്യാനുള്ള സൗകര്യം നിലവിലുള്ള MCF/RRFകൾക്ക് ഇല്ലെങ്കിൽ, നിലവിൽ സ്ഥലം ലഭ്യമാണെങ്കിൽ, നിലവിലുള്ളത് വിപുലപ്പെടുത്തുന്നതിനും, ഇല്ലെങ്കിൽ സ്ഥലം കണ്ടെത്തി അധികമായി ഒന്നോ അതിലധികമോ നിർമ്മിക്കുന്നതിനുമുള്ള പ്രോജക്ടുകൾ ഉൾപ്പെടുത്തണം.

(5) നിലവിലുള്ള MCF/RRFകൾ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി മികച്ച അടിസ്ഥാന സൗകര്യം, തരം തിരിക്കുന്നതിനുള്ള കൺവെയർ ബെൽറ്റ്, അഗ്നി സുരക്ഷാ സംവിധാനം, വിശ്രമ മുറി, ശുചിമുറി, വാഹനങ്ങൾ തുടങ്ങിയവയ്ക്കുള്ള പ്രോജക്ടുകൾ ഉൾപ്പെടുത്താവുന്നതാണ്.

(6) ഹരിതകർമ്മ സേനയ്ക്ക് നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം വയബലിറ്റി ഗ്യാപ്പ് ഫണ്ട് നല്കുന്നതിനുള്ള പ്രോജക്റ്റ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

(7) ഹരിതകർമ്മ സേനയെ ശുചിത്വ മാലിന്യ സംസ്കരണ രംഗത്ത് ബ്രാൻഡ് സംരംഭമായി മാറ്റുന്നതിന് ആവശ്യമായ പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്താവുന്നതാണ്.

(8) ഹരിതകർമ്മ സേനയ്ക്ക് ആവശ്യമായ വാഹനം, സുരക്ഷാ ഉപാധികൾ, യൂണിഫോം, പാഴ് വസ്തുക്കൾ സംഭരിക്കുന്നതിനാവശ്യമായ ബാഗ്/ചാക്ക് തുടങ്ങിയവ നല്കുന്നതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

(9) പൊതു ശുചീകരണത്തിന്റെ ഭാഗമായി മാലിന്യ കൂനകൾ, ഡംപ് സൈറ്റുകൾ എന്നിവ വൃത്തിയാക്കുന്നതിന് വിശദമായ പ്രോജക്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വാർഷിക പദ്ധതിയിൽ തുക വകയിരുത്താവുന്നതാണ്.

(10) സി&ഡി മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി സംഭരണ കേന്ദ്രങ്ങൾ ഉണ്ടാക്കുന്നതിനുള്ള പ്രോജക്റ്റ് വാർഷിക പദ്ധതിയുടെ ഭാഗമാക്കണം.

(11) എല്ലാ നഗരഭരണ സ്ഥാപനങ്ങളിലും സാനിറ്ററി മാലിന്യ സംസ്കരണത്തിനുള്ള പ്ലാന്റ് നിർബന്ധമായും സ്ഥാപിക്കേണ്ടതാണ്. മുനിസിപ്പാലിറ്റി/കോർപ്പറേഷൻ, സമീപ ഗ്രാമപഞ്ചായത്തുകൾ എന്നിവയുടെ ഉചിതമായ ക്ലസ്റ്ററുകൾ രൂപീകരിച്ച് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ സംയുക്ത പ്രോജക്റ്റ് ആയോ, ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ പ്രോജക്റ്റ് ആയോ സാനിറ്ററി മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പാക്കണം.

(12) അജൈവ മാലിന്യ സംസ്കരണ സംവിധാനത്തിന്റെ ഭാഗമായി നിർബന്ധമായും ഉണ്ടായിരിക്കേണ്ട MCF, Mini MCF, RRF സംവിധാനങ്ങൾ ആവശ്യത്തിന് ഇനിയും നിർമ്മിച്ചിട്ടില്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ ഇതിനുള്ള പ്രോജക്ടുകൾ നിർബന്ധമായും ഈ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തണം.

(13) പൊതു ശുചിത്വ – മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ നടത്തിപ്പിനുള്ള ഓപ്പറേഷൻ & മെയിന്റനൻസ് (O&M) പ്രോജക്ടുകൾ ഉൾപ്പെടുത്താവുന്നതാണ്.

(14) അപകടകരമായ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി മുൻ വർഷത്തെ ചെലവിന്റെ അടിസ്ഥാനത്തിൽ ക്ലീൻ കേരള കമ്പനിയുടെ നിരക്ക് അടിസ്ഥാനമാക്കി പ്രോജക്റ്റ് ഉൾപ്പെടുത്താവുന്നതാണ്.

(15) യൂസർ ഫീ ഇളവ് നൽകുന്ന വീടുകൾക്കുള്ള (അതിദരിദ്രർ/ആശ്രയ ഗുണഭോക്താക്കൾ) യൂസർഫീ പ്രോജക്ട് ഉൾപ്പെടുത്താവുന്നതാണ്.

(16) ഗാർഹിക/സ്ഥാപനതലത്തിൽ ഉറവിട മാലിന്യ സംസ്കരണ ഉപാധികളിലൂടെ ഉല്പാദിപ്പിക്കുന്ന കമ്പോസ്റ്റ് വളം ഗുണനിലവാരം ഉറപ്പാക്കിയ ശേഷം വില നൽകി തിരികെ എടുത്ത് സമ്പുഷ്ടീകരണം നടത്തി തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാർഷിക പ്രോജക്ടിന്റെ ഭാഗമായി കർഷകർക്ക് നൽകുന്ന പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

(17) ഹരിത സഹായ സ്ഥാപനങ്ങളുടെ സേവനം ആവശ്യമായ തദേശഭരണ സ്ഥാപനങ്ങൾക്ക് അതിനുള്ള പ്രോജക്ട് ഉൾപ്പെടുത്താവുന്നതാണ്.

(18) മാലിന്യ മുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി തദ്ദേശ ഭരണ സ്ഥാപന തല ക്യാമ്പയിന് വേണ്ടി പൗര വിദ്യാഭാസം, ക്യാമ്പയിൻ സംഘാടനം, പ്രചാരണം, ജനകീയ ഓഡിറ്റ്, ഹരിത സഭ, മാലിന്യ പരിപാലന പാഠശാലകൾ, റിസോഴ്സ് പേഴ്സൺമാരുടെ പരിശീലന ചെലവുകൾ, വിദ്യാർത്ഥികളെയും യുവതയേയും പങ്കാളിയാക്കുന്നതിനുള്ള പരിപാടികൾ തുടങ്ങിയ പ്രവർത്തനങ്ങൾക്ക്, വ്യക്തമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഗ്രാമ പഞ്ചായത്തുകൾ പരമാവധി 2 ലക്ഷം രൂപയും, മുൻസിപ്പാലിറ്റികൾ പരമാവധി 5 ലക്ഷം രൂപയും കോർപ്പറേഷനുകൾ പരമാവധി 10 ലക്ഷം രൂപയും വകയിരുത്തേണ്ടതാണ്.

(19) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, മാർക്കറ്റുകൾ തുടങ്ങിയ എല്ലാ സ്ഥാപനങ്ങളിലും മലിന ജല സംസ്കരണത്തിനുള്ള പ്രോജക്ടുകൾ നിർബന്ധമായും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

(20) ഗാർഹിക മലിനജല സംസ്കരണത്തിന് വേണ്ടിയുള്ള സോക്പിറ്റ് നിർമാണത്തിനുള്ള കർമ്മ പരിപാടി വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്.

(21) പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് മലിനജല സംസ്കരണത്തിനുള്ള പ്രോജക്ടുകൾക്ക് പ്രഥമ പരിഗണന നൽകേണ്ടതാണ്.

(22) 2013 ലെ Prohibition of Employment as Manual Scavengers and their Rehabilitation Act പ്രകാരവും ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരവും ഡ്രയ്നേജ്, മാൻഹോൾ എന്നിവയുടെ ക്ളീനിഗ് ഡിസ്ലഡ്ജിങ് തുടങ്ങിയ പ്രവർത്തികളിൽ ഏർപ്പെട്ടിരിക്കുന്ന ശുചീകരണ തൊഴിലാളികൾക്ക് സംരക്ഷണ ഉപാധികൾ (Protective gears) ലഭ്യമാക്കേണ്ടതുണ്ട്. ആയതിനാൽ ഇത്തരം സുരക്ഷാ ഉപാധികൾ വാങ്ങുക, ദ്രവ മാലിന്യ ശുചീകരണ പ്രവർത്തനങ്ങൾ “no touch” ആക്കാൻ ഉതകുന്ന മെഷീനുകൾ വാങ്ങുക എന്നിവയ്ക്കുള്ള പ്രോജക്ടുകൾ നിർബന്ധമായും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇവയുടെ പട്ടിക ശുചിത്വ മിഷൻ ലഭ്യമാക്കുന്നതാണ്.

(23) കക്കൂസ് മാലിന്യം സംസ്കരിക്കുന്നതിനുള്ള പ്ലാൻറ് (FSTP) നിർമ്മാണത്തിനുള്ള ഭൂമി വാങ്ങൽ, പ്ലാന്റ് നിർമ്മാണം എന്നിവയ്ക്കായി പ്രോജക്ടുകൾ ഉൾപ്പെടുത്താവുന്നതാണ്. ഗ്രാമ പ്രദേശങ്ങളിൽ ത്രിതല പഞ്ചായത്തുകൾക്ക് സംയുക്തമായോ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ഒറ്റയ്ക്കോ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

(24) ഗ്രാമ പഞ്ചായത്ത്/നഗരഭരണ സ്ഥാപനങ്ങളെ സമ്പൂർണ്ണ ശുചിത്വ മാലിന്യ സംസ്കരണ സംവിധാനം ഉറപ്പാക്കി മാലിന്യമുക്തമാക്കുന്നതിനുള്ള സമഗ്ര പദ്ധതിയുടെ ഭാഗമായി സ്വച്ച് ഭാരത് മിഷൻ ഗ്രാന്റ്, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, കെ.എസ്.ഡബ്ല്യൂ.എം.പി ഫണ്ട്, ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ വിഹിതം തുടങ്ങി എല്ലാ സ്കീമുകളേയും ഗ്രാന്റുകളെയും സംയോജിപ്പിച്ച് ഒറ്റ പദ്ധതിയുടെ ഘടകങ്ങളാക്കി പ്രോജക്ടുകൾക്ക് രൂപം നല്കണം. ആസൂത്രണം, നിർവ്വഹണം, അവലോകനം, റീവ്യൂ എന്നിവയും സംയുക്തമായി നടത്തുന്ന രീതികൾ ബന്ധപ്പെട്ട ഏജൻസികൾ സ്വീകരിക്കണം. ഇതിലൂടെ ഒ.ഡി.എഫ് പ്ലസ് പദവി നേടാൻ കഴിയുന്ന തരത്തിൽ പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടതാണ്.

(25) ശുചിത്വ മാലിന്യസംസ്കരണ പ്രോജക്ടുകളിലൂടെ പ്രാദേശിക സാമ്പത്തിക വികസനത്തിനും സംരംഭകത്വ വികസനത്തിനും അധിക തൊഴിലവസരസൃഷ്ടിക്കും സഹായകമായ പ്രോജക്ടുകൾ കൊണ്ടുവരാൻ കഴിഞ്ഞുവെന്ന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണ്. ഇതിലൂടെ അധിക തൊഴിൽ സൃഷ്ടിക്കുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സർക്കാരിന്റെ പ്രത്യേക പുരസ്കാരം നൽകും. അതുപോലെ 100% ഖരമാലിന്യ പരിപാലന സംവിധാനം ഉറപ്പാക്കിയ ഗ്രാമ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും പ്രത്യേക പുരസ്കാരവും നല്കുന്നതാണ്.

3.10 ഹാപ്പിനസ് പാർക്കുകൾ:- എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഹാപ്പിനസ് പാർക്കുകൾ സ്ഥാപിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ കുറഞ്ഞത് ഒന്ന് വീതം ഹാപ്പിനസ്സ് പാർക്കുകൾ എന്നതാണ് ലക്ഷ്യം.

(1) ഭംഗിയും വൃത്തിയുമുള്ള പാർക്കിൽ സ്ഥല ലഭ്യതയ്ക്കനുസരിച്ച് താഴെ പറയുന്നതടക്കമുള്ള സൗകര്യങ്ങളാണ് ഉണ്ടാക്കേണ്ടത്.

- ഇരിപ്പിടം, മറ്റ് വിനോദ ഉപാധികൾ
- സെൽഫി കോർണർ
- സ്നാക്ക്സ് & ഡ്രിംഗ്സ് (ടേസ്റ്റ് ദി വില്ലേജ് കോർണർ)
- മൊബൈൽ റീ ചാർജ്ജിംഗ് സംവിധാനം, വൈഫൈ, കുടിവെള്ളം
- വൃത്തിയുള്ള ടോയിലറ്റ്
- ഭംഗിയുള്ള ലൈറ്റിംഗ് സംവിധാനം
- മാലിന്യശേഖരണ സംവിധാനം

(2) സ്ഥല ലഭ്യതയ്ക്കനുസരിച്ച് ഡാൻസിംഗ്/സിംഗിംങ് ഫ്ലോർ, മഴവെള്ള സംഭരണ സംവിധാനം, വർക്ക് ഫ്രം പാർക്ക് സൗകര്യങ്ങൾ, കമ്മ്യൂണിറ്റി യോഗ, മെഡിറ്റേഷൻ, ജോഗിംഗ് തുടങ്ങിയവയ്ക്കുള്ള സംവിധാനം, ഡിജിറ്റൽ ബോർഡ് ത്രീഡി തിയേറ്റർ സിസ്റ്റം, റേഡിയോ ഉൾപ്പെടെയുള്ള സംഗീത സംവിധാനം, ഡ്രസ്സ് ചേഞ്ചിംഗ് സൗകര്യം, മുലയൂട്ടാനുള്ള സൗകര്യം, മൈലാഞ്ചി കോർണർ, സൈക്കിൾ ട്രാക്ക്, നീന്തൽക്കുളം, ഓപ്പൺ ജിം, കിഡ്സ് ലൈബ്രറി, പെറ്റ് സ്റ്റേഷൻ, കൾച്ചറൽ കോർണർ, അതത് സ്ഥലത്തെ പ്രശസ്തരായ സാഹിത്യകാരന്മാരുടെ സൃഷ്ടികൾ തീം ആക്കിയുള്ള കൾച്ചറൽ കോർണർ, ഹോബി കഫേ (ചെസ്സ്, കാരംസ്, ടേബിൾ ടെന്നീസ് തുടങ്ങിയവയ്ക്കുള്ള സൗകര്യം), വാൾ ആർട്ട്, ബട്ടർ ഫ്ലൈ പാർക്ക്, ആക്ട് ഹൗസ്, ഫിലിം ക്ലബ്ബ് തുടങ്ങിയ അധിക സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

(3) സേവ് ദി ഡേറ്റ്, ബർത്ത് ഡേ പാർട്ടി പോലുള്ള ഇവന്റുകൾക്ക് വിനിയോഗിക്കുവാൻ കഴിയും വിധം ഭംഗിയുള്ളതാകണം പാർക്കുകൾ. മാസത്തിൽ ഒരു ദിവസം ഹാപ്പിനസ്സ് ഡേ സംഘടിപ്പിക്കാവുന്നതാണ്. പ്രദേശത്തെ തനത് കലാകാരന്മാർക്ക് അവസരം നൽകിക്കൊണ്ടുള്ള കലാപരിപാടികൾ, ഫുഡ് ഫെസ്റ്റ് എന്നിവ ആകാം.

(4) പാർക്ക് സ്ഥാപിക്കുന്നതിന് സ്വന്തം ഭൂമി ലഭ്യമാണെങ്കിൽ അത് ഉപയോഗിക്കുകയോ ഭൂമി വിലക്ക് വാങ്ങുകയോ ചെയ്യാവുന്നതാണ്. ഭൂമി വാങ്ങുന്നതിനും മേല്പറഞ്ഞ സൗകര്യങ്ങൾ ഒരുക്കുന്നതിനും വികസന ഫണ്ട്, തനതുഫണ്ട് എന്നിവ ഉപയോഗിക്കാം. നഗരങ്ങളിൽ അമൃത്, KSWMP പരിപാടികളുടെ സാധ്യത കൂടി പ്രയോജനപ്പെടുത്തുന്നതോടൊപ്പം സ്പോൺസർഷിപ്പ്, സി.എസ്.ആർ എന്നിവയിലൂടെയും ഫണ്ട് കണ്ടെത്താവുന്നതാണ്.

(5) മാലിന്യനിക്ഷേപ കേന്ദ്രങ്ങളായിരുന്ന പ്രദേശങ്ങൾ, ക്രിമിറ്റോറിയത്തിനു സമീപമുള്ള ഭൂമി എന്നിവ ഇതിനായി ഉപയോഗിക്കാൻ മുൻഗണന നൽകേണ്ടതാണ്. നിലവിലുള്ള പാർക്കുകളിൽ അധിക സംവിധാനം ഏർപ്പെടുത്തി ഹാപ്പിനസ്സ് പാർക്കായി മാറ്റുകയും ചെയ്യാവുന്നതാണ്.

(6) സ്ഥല ലഭ്യതയും സാമ്പത്തിക ശേഷിക്കും അനുസരിച്ച് പാർക്കുകളുടെ വലിപ്പം, സൗകര്യങ്ങൾ എന്നിവ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിശ്ചയിക്കാവുന്നതാന്.

(7) തദ്ദേശഭരണ സ്ഥാപനങ്ങളുടെ സംയുക്ത പ്രോജക്റ്റ് ആയും പാർക്കുകൾ സ്ഥാപിക്കാവുന്നതാണ്.

3.11. കുടുംബശ്രീയുടെ നേതൃത്വത്തിൽ, അയൽക്കൂട്ടങ്ങളിൽ നിന്നും വികസന ആവശ്യങ്ങൾ ശേഖരിച്ചശേഷം അവ വാർഡ് തലത്തിലും തുടർന്ന് ഗ്രാമപഞ്ചായത്ത് തലത്തിലും ക്രോഡീകരിച്ച് ഗ്രാമ ദാരിദ്ര്യ ലഘൂകരണ പദ്ധതി (Village Poverty Reduction Plan) എല്ലാ വർഷവും തയ്യാറാക്കുന്നുണ്ട്. ഇതുപോലെ നഗര ദാരിദ്ര്യ ലഘൂകരണ പദ്ധതിയും (Urban Poverty Reduction Plan) കുടുംബശ്രീയുടെ നേതൃത്വത്തിൽ തയ്യാറാക്കുന്നുണ്ട്. 2024-25ലേക്ക് രൂപം നല്കിയ ദാരിദ്ര്യ ലഘൂകരണ പദ്ധതികൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ അർഹമായ പരിഗണന നൽകി വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതാണ്.

4. മേൽപ്പറഞ്ഞ മാർഗനിർദ്ദേശങ്ങൾക്കൊപ്പം ചുവടെ പ്രതിപാദിക്കുന്നവയ്ക്കും പ്രാമുഖ്യം നൽകേണ്ടതാണ്.

4.1 തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ഈ വാർഷിക പദ്ധതിയിൽ പ്രത്യേക പരിഗണന നൽകേണ്ടതാണ്. നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണി, നിലവിലുള്ള റോഡുകളുടെ നിലവാരം വർദ്ധിപ്പിക്കൽ, പുതിയ റോഡുകളുടെ നിർമ്മണം എന്നിവ ഏറ്റെടുക്കണം. ഇതിനായി വികസന ഫണ്ടും റോഡ് മെയിന്റനൻസ് ഫണ്ടും ഫലപ്രദമായി ഉപയോഗിക്കണം. ഈടുറ്റതും ഗുണമേന്മ ഉള്ളതുമായ റോഡുകൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി ഓരോ തദ്ദേശഭരണ സ്ഥാപനവും ഒരു നിശ്ചിത എണ്ണം റോഡുകൾ അഞ്ച് വർഷ ഗ്യാരണ്ടിയോടു കൂടി നിർമ്മിക്കുന്നത് പരിഗണിക്കണം.

4.2 വീട് വയ്ക്കുന്നതിന് സ്വന്തമായി ഭൂമിയില്ലാത്ത അതിദരിദ്രർക്ക് ഭൂമി വാങ്ങി നൽകുന്ന പ്രോജക്ടുകൾ 2024-25 വാർഷിക പദ്ധതയിൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ നിർബന്ധമായും ഏറ്റെടുക്കേണ്ടതാണ്. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിൽ നിന്നും ഇതിനായി ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകാവുന്നതാണ്.

4.3 കേരളാ ഖര മാലിന്യ പരിപാലന പദ്ധതിയുടെ (KSWMP) സഹായത്തോടെ തയ്യാറാക്കി നല്കുന്ന SWM പ്ലാനുകൾ പ്രകാരമുള്ള മാലിന്യ സംസ്കരണ പ്രോജക്ടുകൾ നഗരഭരണ സ്ഥാപനങ്ങൾ അവയുടെ വാർഷിക പദ്ധതിയിൽ ഏറ്റെടുക്കേണ്ടതാണ്. നഗരഭരണ സ്ഥാപനങ്ങളുടെ അന്തിമ വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതികൾ അംഗീകാരം നല്കുമ്പോൾ SWM പ്ലാനിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരമാണ് പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുള്ളതെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

4.4 2024-25 സാമ്പത്തിക വർഷം അവസാനത്തോടെ പ്രതിദിനം 27 ലക്ഷം മെട്രിക് ടൺ പാൽ ഉല്പാദനം കൈവരിക്കുന്നതിന് സർക്കാർ ലക്ഷ്യമിടുന്നു. ഇതിനായി ക്ഷീര വികസന വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള മദ്ധ്യകാല പദ്ധതിയിലെ (Short Term Plan) ഒരു പ്രധാന പ്രോജക്ട് ആണ് ‘ഉരുക്കളെ വാങ്ങൽ’ (Herd Induction). മേല്പറഞ്ഞ ലക്ഷ്യം കൈവരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ കൂടി പിന്തുണ ആവശ്യമായതിനാൽ കറവപശു വാങ്ങുന്നതിനുള്ള പ്രോജക്ടുകൾക്ക് ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും നടപ്പ് വാർഷിക പദ്ധതിയിൽ പ്രത്യേക പരിഗണന നൽകേണ്ടതാണ്. പാൽ ഉല്പാദനത്തിൽ മുൻപന്തിയിലുള്ളതും ക്ഷീര മേഖലയിൽ മികവ് പുലർത്തുന്നതുമായ 50 ഫോക്കസ് ബ്ലോക്കുകളിൽ (ക്ഷീര വികസന വകുപ്പ് തെരഞ്ഞെടുത്ത ബ്ലോക്കുകൾ) ഈ പ്രോജക്ടിന് പ്രാമുഖ്യം നല്കാൻ ശ്രദ്ധിക്കണം. ഇത്, ഗ്രാമ പഞ്ചായത്ത് മുഖേനയുള്ള ത്രിതല പഞ്ചായത്തുകളുടെ സംയുക്ത പ്രോജക്റ്റ് ആയും നടപ്പാക്കാവുന്നതാണ്. ഫോക്കസ് ബ്ലോക്കുകളുടെ വിശദാംശങ്ങൾ 19-06-2024ലെ ഡി.എ.1/22/2024-ത.സ്വ.ഭ.വ സർക്കുലറിൽ നല്കിയിട്ടുണ്ട്.

4.5 2025 ഡിസംബറിൽ നിലവിലുള്ള ഭരണ സമിതികളുടെ കാലാവധി അവസാനിക്കും. ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ പൂർത്തിയാക്കാനും കഴിയുന്നത്ര പുതിയ പ്രവർത്തനങ്ങൾ ഏറ്റെടുത്തു വിജയിപ്പിക്കാനും ഈ കാലയളവിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയണം. ഖണ്ഡിക 3, 4 എന്നിവയിൽ സൂചിപ്പിച്ചിട്ടുള്ള പ്രധാന പരിപാടികൾക്കൊപ്പം (അതിദാരിദ്ര്യ നിർമാർജനം, പ്രാദേശിക സാമ്പത്തിക വികസനം, മാലിന്യ സംസ്കരണം, ഗ്രാമീണ റോഡുകളുടെ ഗുണമേന്മ മെച്ചപ്പെടുത്തൽ തുടങ്ങിയ പരിപാടികൾ) കാലാവസ്ഥാ വ്യതിയാനത്തെ അഭിമുഖീകരിക്കൽ, കുടിവെള്ളം, പാലിയേറ്റീവ് കെയർ, ജെറിയാട്രിക് കെയർ എന്നീ മേഖലകളിൽ കാര്യക്ഷമമായ ഇടപെടലുകൾ നടത്തുന്നതിനും അവയ്ക്കുള്ള പ്രോജക്ടുകൾ നടപ്പ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. മുകളിൽ പ്രതിപാദിച്ച പരിപാടികൾക്കൊപ്പം, ജില്ലാ ആസൂത്രണ സമിതികൾ ജില്ലകളുടെ സവിശേഷമായ പ്രത്യേകതകൾ പരിഗണിച്ച് ജില്ലാ തലത്തിൽ പ്രാധാന്യം നല്കേണ്ട പരിപാടികളും നിശ്ചയിച്ച് നല്കേണ്ടതാണ്.

4.6 പൊതു ഉപയോഗത്തിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ സൃഷ്ടിക്കുന്ന എല്ലാ നിർമ്മിതികളും ഭിന്നശേഷി സൗഹൃദവും വയോജന സൗഹൃദവുമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

4.7 അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക സൗകര്യങ്ങൾ മുതലായവ പ്രദാനം ചെയ്ത് ബാലസൗഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകണം. എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടവും സ്ഥലവും ലഭ്യമാണെന്ന് ഉറപ്പാക്കണം. അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്തേണ്ടതാണ്.

4.8 കാലാവസ്ഥാവ്യതിയാനം മൂലമുള്ള അതിവരൾച്ചയെ നേരിടുന്നതിനും ജലസംരക്ഷണ ത്തിനും ജലസംഭരണത്തിനും മതിയായ പ്രാധാന്യം വാർഷിക പദ്ധതിയിൽ നല്കേണ്ടതാണ്. ജലസംഭരണികൾ പറ്റാവുന്നത്ര ഒരുക്കേണ്ടതുണ്ട്. ഇതിനായി തൊഴിലുറപ്പ് പദ്ധതി പ്രയോജനപ്പെടു ത്തണം.

4.9 പൊതു വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന് സ്മാർട് ക്ലാസുകൾ ഉൾപ്പെടെയുള്ള സാങ്കേതിക സൗകര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഉറപ്പുവരുത്തുന്നതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

4.10 പച്ചക്കറിയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് കൃഷി വകുപ്പുമായി സഹകരിച്ച് സംയോജിത പ്രോജക്ടുകൾ ആവിഷ്കരിക്കണം.

4.11 ഫിറ്റ്നസ് കേരള എന്ന ലക്ഷ്യത്തിലേക്ക് ജനങ്ങളെ എത്തിക്കുന്നതിന് ഓപ്പൺ ജിം പ്രോജക്ടുകൾ ലഭ്യമായ സ്ഥലവും കെട്ടിടങ്ങളും ഉപയോഗപ്പെടുത്തി ആരംഭിക്കേണ്ടതാണ്. ഇതിന്റെ പരിപാലനത്തിനുള്ള സൗകര്യവും ഏർപ്പാടേക്കണ്ടതാണ്. ഹാപ്പിനസ് പാർക്കുകളുടെ ഭാഗമായും ഇവ നിർമ്മിക്കാവുന്നതാണ്. ഓപ്പൺ ജിംനേഷ്യത്തിന്റെ വിശദാംശങ്ങൾ സ.ഉ.(കൈ)നം.115/2022/ തസ്വഭവ തീയതി 28.05.2022 പ്രകാരമുള്ള മാർഗരേഖയുടെ ഖണ്ഡിക 7.7.5 ൽ വ്യക്തമാക്കിയിട്ടുണ്ട്.

5. ഓരോ വിഭാഗം ഫണ്ടിന്റെയും അടങ്കൽ തുക നിശ്ചയിക്കുന്നത് സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ ചുവടെ നൽകുന്നു.

### 5.1 വികസനഫണ്ടിന്റെ ഭാഗമായ പൊതുവിഭാഗം ഫണ്ട്, പട്ടികജാതി ഉപപദ്ധതി വിഹിതം, പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം എന്നിവ

2024-25-ലെ സംസ്ഥാന ബജറ്റിന്റെ അനുബന്ധം IV പ്രകാരമുള്ള വിഹിതത്തിനൊപ്പം സ.ഉ(കൈ)നം. 79/2021/ധന തീയതി 15.07.2021 പ്രകാരം അനുവദനീയമായ ക്യാരിഓവർ തുക (പരമാവധി 20 ശതമാനം) കൂടി ചേർക്കുമ്പോൾ ലഭിക്കുന്ന തുകയ്ക്ക് അനുസൃതമായി പ്രോജക്ടുകളുടെ അടങ്കൽ തുക നിജപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ലഭ്യമായ വിഹിതത്തിനുള്ളിൽ സർക്കുലർ നം.എസ്.എസ്.1/18/2024/ധന; തീയതി 21.03.2024 പ്രകാരമുള്ള 'ക്യൂ' ബിൽ തുകയ്ക്കുള്ള പ്രോജക്ടുകൾ കൂടി ഉൾക്കൊള്ളിക്കണം. പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതങ്ങളിൽ സ.ഉ(കൈ)നം. 79/2021/ധന തീയതി 15.07.2021 പ്രകാരം പ്രകാരം നിശ്ചയിച്ചിട്ടുള്ളതിനെക്കാൾ (80 ശതമാനം) കുറഞ്ഞ തുക 2023-24-ൽ വിനിയോഗിച്ചിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ 2024-25-ലെ പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും പരിഹാര വകയിരുത്തൽ നടത്തേണ്ടതാണ്.

### 5.2 നോൺറോഡ് മെയിന്റനൻസ് ഫണ്ട്

2024-25-ലെ സംസ്ഥാന ബജറ്റിന്റെ അനുബന്ധം IV പ്രകാരമുള്ള വിഹിതത്തിനൊപ്പം സ.ഉ(കൈ)നം. 79/2021/ധന തീയതി 15.07.2021 പ്രകാരം അനുവദനീയമായ ക്യാരിഓവർ തുക (പരമാവധി 20 ശതമാനം) കൂടി ചേർക്കുമ്പോൾ ലഭിക്കുന്ന തുകയ്ക്ക് അനുസൃതമായി പ്രോജക്ടുകളുടെ അടങ്കൽ തുക നിജപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ലഭ്യമായ വിഹിതത്തിനുള്ളിൽ സർക്കുലർ നം.എസ്.എസ്.1/18/2024/ധന; തീയതി 21.03.2024 പ്രകാരമുള്ള 'ക്യൂ' ബിൽ തുകയ്ക്കുള്ള പ്രോജക്ടുകൾ കൂടി ഉൾക്കൊള്ളിക്കണം.

**5.3 റോഡ് മെയിന്റനൻസ് ഫണ്ട്**

2024-25ലെ സംസ്ഥാന ബജറ്റ് തയ്യാറാക്കുന്ന സമയത്ത്, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകളുടെ സ്ഥിതിവിവരക്കണക്കുകൾ R-Track സോഫ്റ്റ് വെയർ ഉപയോഗിച്ച് തയ്യാറാക്കുന്ന പ്രക്രിയ പൂർത്തിയായിരുന്നില്ല. അതുകാരണം 2024-25 വർഷത്തെ റോഡ് മെയിന്റനൻസ് ഫണ്ടിന്റെ മൂന്നിലൊന്ന് തുക മാത്രമാണ് നിലവിൽ വിഭജിച്ച് നൽകിയിട്ടുള്ളത്. റോഡുകളുടെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിന് കുറച്ചുകൂടി സമയം വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് ബജറ്റ് വിഹിതം (2542.47 കോടി രൂപ) പൂർണ്ണമായി വിഭജിച്ച് നൽകുന്നതാണ്. യഥാർത്ഥ വിഹിതം ലഭ്യമായിട്ടില്ലാത്തതിനാൽ തൽക്കാലം സുലേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ള താൽക്കാലിക വിഹിതത്തെ അടിസ്ഥാനമാക്കി പ്രോജക്ടുകൾക്ക് അന്തിമരൂപം നൽകാവുന്നതാണ്. ഇങ്ങനെയുള്ള താൽക്കാലിക വിഹിതത്തോടൊപ്പം സ.ഉ(കൈ)നം. 79/2021/ധന തീയതി 15.07.2021 പ്രകാരം അനുവദനീയമായ ക്യാരിഓവർ തുക (പരമാവധി 20 ശതമാനം) കൂടി ചേർക്കുമ്പോൾ ലഭിക്കുന്ന തുകയ്ക്ക് അനുസൃതമായി പ്രോജക്ടുകളുടെ അടങ്കൽ തുക നിജപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ലഭ്യമായ വിഹിതത്തിനുള്ളിൽ സർക്കുലർ നം.എസ്.എസ്.1/18/2024/ധന; തീയതി 21.03.2024 പ്രകാരമുള്ള 'ക്യൂ' ബിൽ തുകയ്ക്കുള്ള പ്രോജക്ടുകൾ കൂടി ഉൾക്കൊള്ളിക്കണം.

**5.4 പതിനഞ്ചാം ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ്, ടൈഡ് ഗ്രാന്റ്** (ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ)

സ.ഉ(സാധാ)നം.8385/2023/ധന; തീയതി 29.11.2023, സ.ഉ(സാധാ)നം.775/2024/ധന; തീയതി 27.01.2024, സ.ഉ(സാധാ)നം.1961/2024/ധന;തീയതി 01.03.2024, സ.ഉ(സാധാ)നം. 3299/2024/ധന; തീയതി 09.04.2024, സ.ഉ(സാധാ)നം. 4130/2024/ധന; തീയതി 21.05.2024 എന്നീ ഉത്തരവുകൾ പ്രകാരം 2023-24ലെ വിഹിതം എല്ലാ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കും പൂർണമായി അനുവദിച്ചിട്ടുണ്ട്. 01.04.2021 മുതൽ ഇതുവരെ ലഭിച്ച തുകയിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുക, 31.03.2024 വരെയുള്ള പലിശ തുക, 2024-25-ലെ ബജറ്റ് വിഹിതം എന്നിവയുടെ ആകെ തുകയ്ക്ക് അനുസൃതമായി ഈ വിഭാഗത്തിലെ പ്രോജക്ടുകളുടെ അടങ്കൽ തുക നിജപ്പെടുത്തേണ്ടതാണ്.

**5.5 പതിനഞ്ചാം ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ്, ടൈഡ് ഗ്രാന്റ്** (മലപ്പുറം ഒഴികെയുള്ള 86 മുനിസിപ്പാലിറ്റികൾ)

2023-24 വർഷത്തെ വിഹിതത്തിന്റെ ആദ്യ ഗഡു സ.ഉ(സാധാ)നം.664/2024/ധന; തീയതി 23.01.2024, സ.ഉ(സാധാ)നം.2461/2024/ധന; തീയതി 15.03.2024 എന്നീ ഉത്തരവുകൾ പ്രകാരം 62 മുനിസിപ്പാലിറ്റികൾക്ക് അനുവദിച്ചിട്ടുണ്ട്. 24 മുനിസിപ്പാലിറ്റികൾക്ക് കേന്ദ്ര സർക്കാർ ഗ്രാന്റ് അനുവദിച്ചിട്ടില്ല. ഈ മുനിസിപ്പാലിറ്റികൾ 2022-23 സാമ്പത്തിക വർഷം വസ്തു നികുതി (Property tax) പിരിവിൽ, സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിലെ (GSDP) കഴിഞ്ഞ 5 വർഷത്തെ വളർച്ചയുടെ ശരാശരിയിൽ കൂടുതൽ വർദ്ധനവ് ഉണ്ടാക്കിയില്ല എന്ന കാരണത്താലാണ് കേന്ദ്രസർക്കാർ ഗ്രാന്റ് അനുവദിക്കാത്തത്. രണ്ടാം ഗഡു തുക ഒരു മുനിസിപ്പാലിറ്റിക്കും കേന്ദ്ര സർക്കാർ അനുവദിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ഇപ്പോൾ ലഭ്യമായ തുകയിൽ മാത്രം തൽക്കാലം പ്രോജക്ടുകൾ നിജപ്പെടുത്തേണ്ടതാണ്. അതായത് 01.04.2021 മുതൽ ഇതുവരെ ലഭിച്ചതിൽ വനിയോഗിക്കാൻ ബാക്കിയുള്ള തുക, 31.03.2024 വരെയുള്ള പലിശ തുക, 2024-25 ലെ ബജറ്റ് വിഹിതം എന്നിവയുടെ ആകെ തുകയിൽ

പ്രോജക്ടുകളുടെ അടങ്കൽ തുക നിജപ്പെടുത്തേണ്ടതാണ്. 2023-24ൽ ലഭിക്കാതിരുന്ന തുക കേന്ദ്ര സർക്കാർ അനുവദിക്കുകയാണെങ്കിൽ തുക ലഭ്യമാകുന്ന മുറയ്ക്ക് അതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് അനുവാദം നൽകുന്നതാണ്.

**5.6 നഗരസഞ്ചയ ഗ്രാന്റ് (Urban Agglomeration Grant)**

2023-24-ലെ ഗ്രാന്റ് കേന്ദ്ര സർക്കാർ ഇതുവരെയും അനുവദിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ തൽക്കാലം ഈ ഇനത്തിൽ 01.04.2024 മുതൽ ഇതുവരെ ലഭിച്ച തുകയിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുക, 31.03.2024 വരെയുള്ള പലിശ തുക, 2024-25 -ലെ ബജറ്റ് വിഹിതം എന്നിവയുടെ ആകെ തുകയിൽ പ്രോജക്ടുകളുടെ അടങ്കൽ തുക നിജപ്പെടുത്തേണ്ടതാണ്. 2023-24-ലെ വിഹിതം ലഭിക്കുമെന്ന പ്രതീക്ഷയിൽ ഏറ്റെടുത്ത പ്രോജക്ടുകൾക്ക് മേൽപ്പറഞ്ഞ പ്രകാരം ലഭ്യമാകുന്ന തുകയിൽ നിന്നും വിഹിതം കണ്ടെത്തി വകയിരുത്തേണ്ടതാണ്. 2023-24ൽ ലഭിക്കാതിരുന്ന തുക കേന്ദ്ര സർക്കാർ അനുവദിക്കുകയാണെങ്കിൽ തുക ലഭ്യമാകുന്ന മുറയ്ക്ക് പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് അനുവാദം നൽകുന്നതാണ്.

**5.7 2022-23ലെ നഗരസഞ്ചയ ഗ്രാന്റിൽ നിന്നും 7 മുനിസിപ്പാലിറ്റികൾക്കും ഒരു കോർപ്പറേഷനും അനുവദിച്ച തുക**

മുൻകൂട്ടി ലക്ഷ്യമിട്ട പ്രകാരമുള്ള സർവീസ് ലവൽ ബഞ്ച്മാർക്ക് കൈവരിക്കുന്ന മുറയ്ക്ക് മാത്രമേ നഗരസഞ്ചയ പ്രദേശത്തിനുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് കേന്ദ്ര സർക്കാർ അനുവദിക്കുകയുള്ളൂ. പ്രവർത്തനമികവ് ഉണ്ടാകാത്തതുകാരണം 2022-23-ൽ അനുവദിക്കാതെ കേന്ദ്ര സർക്കാർ മാറ്റിവെച്ചിരുന്ന 51.55 കോടി രൂപ ഇപ്പോൾ ലഭിച്ചതിനെ തുടർന്ന് അത് വർക്കല, ചെങ്ങന്നൂർ, കുന്നംകുളം, താനൂർ, മുക്കം, മാനന്തവാടി, സുൽത്താൻ ബത്തേരി എന്നീ 7 മുനിസിപ്പാലിറ്റികൾക്കും തൃശ്ശൂർ കോർപ്പറേഷനുമായി സ.ഉ(സാധാ) നം.2631/2024/ ധന; തീയതി 19.02.2024 പ്രകാരം അനുവദിച്ചിട്ടുണ്ട്. ഈ തുകയ്ക്കുള്ള പ്രോജക്ടുകൾ ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതാണ്. കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം അനുവദനീയമായ പ്രോജക്ടുകൾ (ജലവും ശുചിത്വവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ) മാത്രമേ ഏറ്റെടുക്കാൻ പാടുള്ളൂ. ഈ ഗ്രാന്റിന്റെ വിനിയോഗത്തിന് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മറ്റ് നിബന്ധനകളും പാലിക്കണം. പ്രോജക്ടുകളുടെ വിശദാംശങ്ങൾ കേന്ദ്ര സർക്കാരിന്റെ സിറ്റി ഫിനാൻസ് പോർട്ടലിൽ അപ് ലോഡ് ചെയ്യുകയും വേണം.

**5.8 പതിനഞ്ചാം ധനകാര്യകമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 2020-21 ൽ ട്രഷറി മുഖേന അനുവദിച്ച തുകയിൽ വിനിയോഗിക്കാൻ ബാക്കിയുള്ള തുക**

പതിനഞ്ചാം ധനകാര്യകമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 2020-21ൽ ട്രഷറി മുഖേന അനുവദിച്ചതിൽ ചെലവഴിക്കാൻ ബാക്കിയുണ്ടായിരുന്ന തുക 2021-22ൽ സ.ഉ(സാധാ)നം. 6591/2021/ധന; തീയതി 07.10.2021 പ്രകാരവും തുടർന്ന് 2022-23ൽ സ.ഉ(സാധാ) നം.4228/2022/ധന; തീയതി 07.06.2022, സ.ഉ(സാധാ)നം. 4585/2022/ധന; തീയതി 23.06.2022 എന്നീ ഉത്തരവുകൾ പ്രകാരവും അനുവദിച്ചിരുന്നു. ഈ ഇനത്തിൽ ഇനിയും ചെലവഴിക്കാൻ ബാക്കിയുള്ള തുകയ്ക്കുള്ള പ്രോജക്ടുകൾ 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. [ചെലവഴിക്കാൻ ബാക്കിയുള്ള തുകയുടെ 50 ശതമാനം ഇപ്പോൾ സ.ഉ.(സാധാ) നം. 4802/ 2024/ധന, തീയതി 18.06.2024 പ്രകാരം വിതരണം ചെയ്തിട്ടുണ്ട്].

6. സ.ഉ(സാധാ) നം.874/2024/ത.സ്വ.ഭ.വ; തീയതി 21.05.2024 പ്രകാരം ഏറ്റെടുത്ത സ്പെഷ്യൽ പ്രോജക്ടുകൾ ലഭ്യമായ വിഹിതത്തിനുള്ളിൽ ഉൾക്കൊള്ളിച്ച് വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്.

7. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 2024-25-ലെ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിന് നിർദ്ദേശിക്കുന്ന പ്രോജക്ടുകളുടെ വിവരങ്ങൾ ഇ-ഗ്രാംസ്വരാജ് പോർട്ടലിലും സുലേഖ സോഫ്റ്റ് വെയറിലും ഒരുപോലെയാണോ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന്, വാർഷിക പദ്ധതി പരിഷ്കരിക്കുന്ന ഈ സന്ദർഭത്തിൽ പ്രത്യേകം പരിശോധിക്കേണ്ടതാണ്. ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ പ്രോജക്ടുകൾ വിഷയാധിഷ്ഠിതമായി (Theme based) ഉൾപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സാഹചര്യത്തിൽ, അപ്രകാരം ചെയ്യുന്നതിന് പ്രോജക്ടുകളിൽ ഏതെങ്കിലും ഭേദഗതി അനിവാര്യമാകുകയാണെങ്കിൽ ഈ ഘട്ടത്തിൽ അവ ചെയ്യേണ്ടതും രണ്ട് സോഫ്റ്റ് വെയറുകളിലും പ്രോജക്ട് വിവരങ്ങൾ ഒരുപോലെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് ഉറപ്പാക്കേണ്ടതുമാണ്.

8. വാർഷിക പദ്ധതി നിർവഹണം ആരംഭിച്ചശേഷം ഭേദഗതിക്ക് അവസരം നൽകണമെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്നതിൽ കൂടുതലും, പ്രോജക്ടുകളിൽ അധിക വിവരങ്ങൾ ഉൾപ്പെടുത്തി നിർവഹണ യോഗ്യമാക്കുന്നതിന് വേണ്ടിയാണെന്നാണ് കഴിഞ്ഞകാല അനുഭവങ്ങൾ കാണിക്കുന്നത്. വാർഷിക പദ്ധതി രൂപീകരണഘട്ടത്തിൽ പ്രോജക്ടുകൾ സൂക്ഷ്മതയോടെയല്ലാതെ തയ്യാറാക്കുന്നതു കൊണ്ടാണ് പിന്നീട് നിരവധി തവണ ഭേദഗതി ചെയ്യേണ്ട സാഹചര്യം സംജാതമാകുന്നത്. ഇത് നിർബന്ധമായും ഒഴിവാക്കപ്പെടേണ്ടതാണ്. ആയതിനാൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതി പരിഷ്കരിക്കുന്ന ഈ സന്ദർഭത്തിൽ തന്നെ 2024-25 വാർഷിക പദ്ധതിയിലെ ഓരോ പ്രോജക്ടിലും ആവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നും ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ ശരിയാണോയെന്നും പ്രത്യേകം പരിശോധിക്കേണ്ടതും ആവശ്യമെങ്കിൽ പ്രോജക്ടുകൾ ഭേദഗതി ചെയ്ത് നിർവഹണ യോഗ്യമാക്കേണ്ടതുമാണ്.

9. പരിഷ്കരിച്ച വാർഷിക പദ്ധതി 2024 ജൂലൈ 27നകം ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

10. കേരളാ ഖര മാലിന്യ പരിപാലന പദ്ധതി (KSWMP), ഹെൽത്ത് ഗ്രാന്റ് എന്നിവയിലെ നിർവഹണം പൂർത്തിയാകാത്ത പ്രൊജക്ടുകളും ഈ വർഷത്തെ സ്പിൽ ഓവർ പ്രൊജക്ടുകളാക്കി മാറ്റി നിർവഹണം തുടരേണ്ടതാണ്. ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ മിച്ചം തുക ലഭ്യമാണെങ്കിൽ മാർഗനിർദേശങ്ങൾ പ്രകാരമുള്ള പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

********